**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1406** **08-12-2022 - ൽ മറുപടിയ്ക്ക്**

**ബയോഡൈവേഴ്സിറ്റി ടൂറിസം സർക്യൂട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കൊല്ലം ജില്ലയിലെ വിവിധ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളെ തമ്മിൽ ബന്ധിപ്പിച്ച് കൊണ്ടുള്ള ബയോഡൈവേഴ്സിറ്റി ടൂറിസം സർക്യൂട്ട് പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനായി സ്വീകരിച്ച് വരുന്ന നടപടികളുടെ പുരോഗതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ? | (എ) | കൊല്ലം ജില്ലയിലെ അഷ്ടമുടി കായൽ, മൺറോത്തുരുത്ത്, കൊട്ടാരക്കര മീൻപിടിപ്പാറ, മുട്ടറ – മരുതിമല, ജഡായുപാറ, തെന്മല, അച്ചൻകോവിൽ എന്നീ പ്രദേശങ്ങളെ കോർത്തിണക്കി നടപ്പാക്കുന്ന വിനോദ സഞ്ചാര സർക്യൂട്ട് പദ്ധതിയുടെ വിശദ പദ്ധതി രേഖ തയാറാക്കാനുള്ള ആർക്കിടെക്ചറൽ കൺസൽറ്റന്റായി ബെംഗലൂരുവിലെ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് കോർപറേഷൻ കർണാടക പ്രൈവറ്റ് ലിമിറ്റഡിനെ തീരഞ്ഞെടുത്തിട്ടുണ്ട്. ഈ കമ്പനിയും വിനോദ സഞ്ചാര വകുപ്പുമായി കരാർ ഒപ്പുവച്ചു. നിലവിൽ പദ്ധതി റിപ്പോർട്ട് തയാറാക്കുന്ന നടപടികൾ അവസാനഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ